"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - വയനാട് ജില്ലയിലെ മേപ്പാടി പഞ്ചായത്തിലെ ചൂരൽമല ഉരുൾപൊട്ടലിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് പ്രഖ്യാപിച്ച ധനസഹായം - ഫണ്ട് അനുവദിച്ച് ഉത്തരവാകുന്നു

**ദുരന്തനിവാരണം (എ) വകുപ്പ്**

സ.ഉ.(സാധാ) നം.39/2026/DMD തീയതി,തിരുവനന്തപുരം, 17-01-2026

പരാമർശം:-
1. 1. 06.02.2025 തീയതിയിലെ സ.ഉ(സാധാ)നം.57/2025/ഡി.എം.ഡി
2. വൈത്തിരി തഹസിൽദാറുടെ 02.11.2025 തീയതിയിലെ TLKVYT/2230/2024 DM1 നമ്പർ കത്ത് .
3. വയനാട് ജില്ലാ കളക്ടറുടെ 05.11.2025 തീയതിയിലെ DCWYD/7966/2025-DM4 നമ്പർ കത്ത്

**ഉത്തരവ്**

വയനാട് മേപ്പാടി പഞ്ചായത്തിലെ ഉരുൾപൊട്ടലിൽ കാണാതായവരുടെ ആശ്രിതർക്ക് ധനസഹായം അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

(2) ചൂരൽമല ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് സർക്കാർ പ്രഖ്യാപിച്ച ധനസഹായം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീമതി. റഹ്മത്ത് .കെ, ശ്രീ. മുഹമ്മദലി എന്നീ രണ്ട് പേർ ചൂരൽമല ദുരന്തത്തിൽ മരണപ്പെട്ട ശ്രീമതി ഹഫീദ എന്നിവരുടെ ആശ്രിതത്വത്തിൽ കഴിഞ്ഞവരായിരുന്നുവെന്നും മേൽ സാഹചര്യത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് സർക്കാർ പ്രഖ്യാപിച്ച ധനസഹായം മേൽ വ്യക്തികൾക്ക് അനുവദിക്കുന്നതിനായി 2245-02-111-99-F-Exgratia to Bereaved Families എന്ന ശീർഷകത്തിൽ 4 ലക്ഷം രൂപ അനുവദിക്കണമെന്നും പരാമർശം (3) പ്രകാരം വയനാട് ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിരുന്നു. മുണ്ടക്കൈ / ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിൽ മരണപ്പെട്ട ശ്രീമതി ഹഫീദ എന്നവരുടെ ഭർത്താവ് അബ്ദുൾ സത്താർ (DEATH LIST NO: 145) മക്കളായ ഫാത്തിമ (MISSING LIST No:29), മുഹമ്മദ് ഹംദാൻ (DEATH LIST No: 92), മുഹമ്മദ് നൈഷാൻ (DEATH LIST No: 87) എന്നവർ ദുരന്തത്തിൽ മരണപ്പെട്ടതാണെന്നും ശ്രീമതി. ഹഫീദ എന്നവരുടെ Next of kin അവകാശികളായിട്ടുള്ളത് മാതാപിതാക്കളായ ശ്രീമതി. റഹ്മത്ത് .കെ, ശ്രീ. മുഹമ്മദലി എന്നിവരാണ് എന്നും പരാമർശം (2) പ്രകാരം വൈത്തിരി തഹസിൽദാർ റിപ്പോർട്ട് ചെയ്തിരുന്നു.മരണമടഞ്ഞ ശ്രീമതി ഹഫീദ എന്നവരുടെ അവകാശികൾക്ക് സർക്കാർ പ്രഖ്യാപിച്ച ധനസഹായം മാതാപിതാക്കളായ ശ്രീമതി. റഹ്മത്ത് .കെ, ശ്രീ. മുഹമ്മദലി എന്നവർക്ക്

അനുവദിക്കുന്നതിന് ശ്രീമതി. റഹ്മത്ത് .കെ, ശ്രീ. മുഹമ്മദലി എന്നവരെ NEXT OF KIN ആയി പരിഗണിക്കാവുന്നതാണെന്ന് വൈത്തിരി തഹസിൽദാറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലാ കളക്ടർ പരാമർശം (3) പ്രകാരം അറിയിച്ചിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഉരുൾപൊട്ടലിൽ മരണപ്പെട്ട ശ്രീമതി ഹഫീദ എന്നവരുടെ ആശ്രിതർക്കുള്ള ധനസഹായം ശ്രീമതി. റഹ്മത്ത് .കെ, ശ്രീ. മുഹമ്മദലി എന്നിവർക്ക് പരാമർശം (1) ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും നൽകുന്നതിന് 2245-02-111-99-F-Exgratia to Bereaved Families എന്ന ശീർഷകത്തിൽ നിന്നും 4 ലക്ഷം രൂപ വയനാട് ജില്ലാ കളക്ടർക്ക് അനുവദിച്ചുകൊണ്ടു ഉത്തരവാകുന്നു.

തുക വയനാട് ജില്ലാ കളക്ടർക്കു വിതരണം ചെയ്തു നൽകുന്നതിനുള്ള നടപടി ദുരന്ത നിവാരണ വകുപ്പ് ഫിനാൻസ് ഓഫീസർ സ്വീകരിക്കേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU C VARGHESE
അഡിഷണൽ സെക്രട്ടറി

ജില്ലാ കളക്ടർ, വയനാട്
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/ (എ& ഇ), കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാൻ്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഫിനാൻസ് ഓഫീസർ, ദുരന്തനിവാരണ വകുപ്പ്
ശ്രീമതി .റഹ്മത്ത് . കെ , w / o മുഹമ്മദലി, 53 / 24 , കൊടിക്കുന്നതു വീട് , മേപ്പാടി.
റവന്യൂ (ഡി.ആർ.എഫ്) വകുപ്പ്
പൊതുജന സമ്പർക്ക വകുപ്പ് ( Web and New Media)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S.R
സെക്ഷൻ ഓഫീസർ
Date: 20-01-2026 13:30:28